# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1283 31.10.2019 ൽ മറുപടിക്ക്**

**വാത്തുരുത്തി റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | 2017-18 ലെ ബജറ്റിൽ മുപ്പതുകോടി രൂപ വകയിരുത്തിയിട്ടുള്ളതും 10/7/2017ന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഭരണാനുമതി നല്കിയിട്ടുള്ളതുമായ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ രൂപരേഖയ്ക്ക് ഏതെല്ലാം ഏജൻസികളാണ് അംഗീകാരം നൽകേണ്ടത്; വിശദമാക്കാമോ; | എ) | വാത്തുരുത്തി ആർ.ഒ.ബി യുടെ രൂപരേഖയ്ക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, കൊച്ചിൻ ഷിപ്പ് യാർഡ്, സതേൺ റെയിൽവേ എന്നീ ഏജൻസികളുടെ അംഗീകാരമാണ് വേണ്ടത്. മേൽപ്പാലത്തിനാവശ്യമായ ഭൂരിഭാഗം ഭൂമിയും പോർട്ട് ട്രസ്റ്റിന്റെയും ഷിപ്പ് യാർഡിന്റെയും കൈവശമായതിനാൽ അവരുടെയും, നേവൽ എയർപ്പോർട്ടിന്റെ അടുത്തായതിനാൽ നേവിയുടെയും അനുമതി ആവശ്യമാണ്. റെയിൽവെ ട്രാക്കിന് മുകളിലൂടെയുള്ള മേൽപ്പാലത്തിന്റെ ഡിസൈൻ റെയിൽവേയും അംഗീകരിക്കേണ്ടതുണ്ട്. |
| ബി) | ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയതും പോർട്ട് ട്രസ്റ്റ് അംഗീകരിച്ചതുമായ അലൈൻമെന്റ് മറ്റ് ഏജൻസികൾ അംഗീകരിക്കാത്തതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ; | ബി) & സി) | കൊച്ചിൻ പോർട്ട് ട്രസ്റ്റ് അംഗീകരിച്ച അലൈൻമെന്റുകളൊന്നിൽ നേവിയുടെ സ്ഥലമാവശ്യമുള്ളതിനാലും സുരക്ഷയെക്കുറിച്ചുള്ള ആശങ്കകളും കാരണമാണ് അംഗീകരിക്കാത്തത്. മറ്റൊരു അലൈൻമെന്റ് ഓപ്ഷനിൽ ഷിപ്പ് യാർഡിന്റെ സ്ഥലം ആവശ്യമായതിനാലാണ് അംഗീകരിക്കാത്തത്. കൂടാതെ സാധാരണയിൽ നിന്ന് വ്യത്യസ്തമായി റെയിൽവെ ട്രാക്കിന് മുകളിൽ വളഞ്ഞ രൂപരേഖ റെയിൽവേ അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത അലൈൻമെന്റ് സാധ്യമാകൂ. നിലവിൽ പ്രായോഗികമായ 5 അലൈൻമെന്റ് ഓപ്ഷനുകൾ റോഡ്സ് & ബ്രിഡ്ജസ് |
| സി) | എല്ലാ ഏജൻസികൾക്കും സമ്മതമായ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ; | | |

| | |
|---|---|
| | ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (ആർ ബി ഡി സി കെ) തയ്യാറാക്കി എല്ലാ ഏജൻസികൾക്കും സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി മീറ്റിംഗുകളും വിവിധ ഏജൻസികളുമായി സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ട്. എന്നാൽ എല്ലാ ഏജൻസികൾക്കും സ്വീകാര്യമായി ഒരു അലൈൻമെന്റ് സാധ്യമായിട്ടില്ല. |
| ഡി) എല്ലാവർക്കും സമ്മതമായ അലൈൻമെന്റ് എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ഡി) എല്ലാവർക്കും സമ്മതമായ അലൈൻമെന്റ് തയ്യാറാക്കുന്നതിലേയ്ക്കുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ